ഭരണഭാഷ - മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഡിബി6-786/16/സി.ഇ/തസ്വഭവ

തീയതി: 09/10/2017

# സർക്കുലർ

വിഷയം:- തസ്വഭവ - എഞ്ചിനീയറിംഗ് വിഭാഗം - ഐ.ആർ.ഡി.എഫ് അവലോകനം - തീയതി മാറ്റുന്നത് സംബന്ധിച്ച് -

സൂചന:- 1) 03.10.2017-ലെ ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ
2) 05.10.2017, 06.10.2017 എന്നീ തീയതികളിലെ 13717/ആർ.എ4/2017/ സി.ആർ.ഡി നമ്പർ കത്ത്

നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയുമായി ബന്ധപ്പെട്ട് ബ്ലോക്ക്തല പ്രത്യേക റിവ്യൂ നടത്തുന്നതിന് പങ്കെടുക്കാൻ സൂചന (1) പ്രകാരം നിർദ്ദേശിച്ചിരുന്നു. റിവ്യൂ മീറ്റിംഗിന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രതിനിധി പങ്കെടുക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അവലോകന യോഗത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (ജില്ലാപഞ്ചായത്ത്) എന്നിവർ വിശദമായ റിപ്പോർട്ട് സഹിതം നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. RIDF XVI മുതൽ XXII വരെയുള്ള ഓരോ പ്രവൃത്തിയുടേയും ഭൗതിക, സാമ്പത്തിക പുരോഗതി തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ അവലോകനയോഗം സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ലകൾ | സ്ഥലം | തീയതി |
|---|---|---|---|
| 1. | എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ | ജില്ലാ ആസൂത്രണ സമിതി കോൺഫറൻസ് ഹാൾ, ആലപ്പുഴ കളക്ടറേറ്റ് | 10/10/2017 രാവിലെ 10.00 മണി |
| 2. | പാലക്കാട്, തൃശ്ശൂർ മലപ്പുറം | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, പാലക്കാട് | 12/10/2017 രാവിലെ 10.00 മണി |
| 3. | കാസറഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട് | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കോഴിക്കോട് | 20/10/2017 രാവിലെ 10.00 മണി |

ടി യോഗത്തിൽ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ പകർപ്പ് എല്ലാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ക്രോഡീകരിച്ച് ഇ-മെയിൽ (submit2ce@gmail.com) മുഖാന്തിരം യോഗത്തിന് രണ്ട് ദിവസം മുൻപ് ഈ ഓഫീസിൽ നൽകേണ്ടതാണ്.

ചില സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ ബ്ലോക്ക്തല റിവ്യൂ മാറ്റിവച്ചിട്ടുണ്ട്. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

ഉള്ളടക്കം : സൂചന കത്തുകൾ

ചീഫ് എഞ്ചിനീയർ

P 1628

ഭരണഭാഷ - മാതൃഭാഷ

12747 07/10/17

നം. 13717/ആർ.ഐ.4/2017/സി.ആർ.ഡി

ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ. പി.ഒ.
തിരുവനന്തപുരം
തീയതി : 05.10.2017

Office of the Chief Engineer LSGD, Thiruvananthapuram

ഗ്രാമവികസന കമ്മീഷണർ
തിരുവനന്തപുരം

എല്ലാ പ്രോജക്ട് ഡയറക്ടർമാർക്കും

സർ,

വിഷയം: ബഹു: തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി ആർ.ഐ.ഡി.എഫ് അവലോകനം നടത്തുന്നത് സംബന്ധിച്ച് —

സൂചന:- 27.09.2017 ലെ 413/17/എം.എൽ.എസ്.ജി.ഡി നമ്പർ കത്ത്.

D36

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. നബാർഡ് ആർ. ഐ..ഡി.എഫ് പദ്ധതിയുമായി ബന്ധപ്പെട്ട് ബ്ലോക്ക്തല പ്രത്യേക റിവ്യു നടത്തുന്നതിന് സൂചന പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. റിവ്യു മീറ്റിംഗിൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രതിനിധി പങ്കെടുക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അവലോകന യോഗത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ട് ഡയറക്ടർ, ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, എക്സിക്യൂട്ടീവ് എഞ്ചിനിയർ (ജില്ല പഞ്ചായത്ത്) എന്നിവർ വിശദമായ റിപ്പോർട്ട് സഹിതം നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ആർ.ഐ.ഡി.എഫ് XVI മുതൽ XXII വരെയുള്ള ഓരോ പ്രവൃത്തിയുടെയും ഭൗതിക, സാമ്പത്തിക പുരോഗതി തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ അവലോകനം ചെയ്യുന്നതാണ്. അവലോകന യോഗം സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

07/10/17

| ക്രമ നമ്പർ | ജില്ലകൾ | സ്ഥലം | തീയതി |
|---|---|---|---|
| 1. | എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ | ജില്ലാ ആസൂത്രണ സമിതി കോൺഫറൻസ് ഹാൾ, ആലപ്പുഴ കളക്ടറേറ്റ് | 10.10.2017 10.00 am |
| 2. | പാലക്കാട്, തൃശ്ശൂർ, മലപ്പുറം, | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, പാലക്കാട് | 12.10.2017 10.00 am |
| 3. | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, തിരുവനന്തപുരം | 16.10.2017 10.00 am |
| 4. | കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട് | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കോഴിക്കോട് | 20.10.2017 10.00 am |

പ്രോജക്ട് ഡയറക്ടർമാർ അവലോകനം സംബന്ധിച്ച അറിയിപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകേണ്ടതും ആലപ്പുഴ, പാലക്കാട്, തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ പ്രോജക്ട് ഡയറക്ടർമാർ യോഗം സംഘടിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

5/4/2017

കെ. ഷൗക്കത്തലി

അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ

ഗ്രാമവികസന കമ്മീഷണർക്ക് വേണ്ടി

12748
07/10/17

ഭരണഭാഷ - മാതൃഭാഷ

നം. 13717/ആർ.ഐ.4/2017/സി.ആർ.ഡി

ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ. പി.ഒ.
തിരുവനന്തപുരം
തീയതി : 06.10.2017

Office of the Chief Engineer LSGD, Thiruvananthapuram

ഗ്രാമവികസന കമ്മീഷണർ
തിരുവനന്തപുരം

പ്രോജക്ട് ഡയറക്ടർ
ദാരിദ്ര്യ ലഘൂകരണ വിഭാഗം,
തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട

സർ,

വിഷയം: ബഹു. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി - ആർ.ഐ.ഡി.എഫ് അവലോകനം - തീയതി മാറ്റുന്നത് സംബന്ധിച്ച് -

സൂചന:- (1) 27.09.2017 ലെ 413/17/എം.എൽ.എസ്.ജി.ഡി നമ്പർ കത്ത്.
(2) 05.10.2017 ലെ ഇതേ നമ്പർ കത്ത്.

---

07/10/17

നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ ബ്ലോക്ക്തല റിവ്യു തിരുവനന്തപുരം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തുന്ന വിവരം സൂചന പ്രകാരം അറിയിച്ചിരുന്നു. എന്നാൽ ചില സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം റിവ്യു മീറ്റിംഗ് മാറ്റിവെച്ച വിവരം അറിയിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

വിശ്വസ്തതയോടെ

06/10/2017

കെ. ഷൗക്കത്തലി
അഡീഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണർ
ഗ്രാമവികസന കമ്മീഷണർക്ക് വേണ്ടി